**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4416** **01-07-2024 - ൽ മറുപടിയ്ക്ക്**

**മണലൂർ മണ്ഡലത്തിലെ പുതിയ വ്യവസായ സംരംഭങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പുതിയ സംരംഭകർക്കായി വ്യവസായ വകുപ്പ് എന്തെല്ലാം വായ്പാ പദ്ധതികളാണ് നടപ്പിലാക്കുന്നത്; വായ്പാ തുക, പലിശ നിരക്ക്, സബ്സിഡി എന്നിവ എപ്രകാരമാണ് എന്ന് വ്യക്തമാക്കാമോ; വായ്പ ലഭിക്കുന്നതിന് ആവശ്യമായ മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കാമോ; | (എ) | ചെറുകിട, ഇടത്തരം വൻകിട വ്യവസായങ്ങൾക്കു കെ.എസ്.ഐ.ഡി.സി. കുറഞ്ഞ പലിശ നിരക്കിൽ (നിലവിൽ 8.5% -10.5%) 6000 ലക്ഷം രൂപ വരെ വായ്പയായി നല്കി വരുന്നു. ഓരോ ആറു മാസത്തിന്റെയും അവസാനം കുടിശിക ഇല്ലായെങ്കിൽ പലിശ നിരക്കിൽ അര ശതമാനം വരെ (ബാക്കിയുള്ള മുതലിന്റെ അടിസ്ഥാനത്തിൽ) വീണ്ടും കുറവ് നൽകി വരുന്നു. കൂടാതെ, ഈ പ്രൊജക്ടുളിൽ പ്രമോട്ടർമാർ കൊണ്ടുവരേണ്ട വിഹിതം 50% വരെ അൺസെക്യൂർഡ് വായ്പയായി കൊണ്ടുവരാൻ അനുവദിച്ചിട്ടുണ്ട്. പ്രത്യേക പരിഗണനാ വിഭാഗത്തിലുള്ള പ്രൊജക്ടുളിൽ വായ്പ - ഇക്വിറ്റി അനുപാതം 1.5:1 വരെ അധിക ഈട് ഇല്ലാതെയും വായ്പ - ഇക്വിറ്റി അനുപാതം 2:1 വരെ 1.5:1 ന്റെ മുകളിലുള്ള തുകയ്ക്ക് അധിക ഈടോടുകൂടിയും വായ്പ നല്കി വരുന്നു. മറ്റു പ്രൊജക്ടുകൾക്ക് ഇത് യഥാക്രമം 1:1 ഉം 1.5:1 ഉം ആണ്. ഭക്ഷ്യസംസ്കരണം, കാർഷികാധിഷ്ഠിത വ്യവസായങ്ങൾ എന്നിവയ്ക്ക് സാമ്പത്തിക സഹായം നൽകുന്നതിന് നിലവിലുള്ള നിയമങ്ങൾക്ക് വിധേയമായിട്ടുള്ള പ്രത്യേക പരിഗണനയും കെഎസ്ഐഡിസി നൽകി വരുന്നുണ്ട്.<br><br>അഞ്ചു കോടി രൂപ വരെയുള്ള വായ്പകൾക്ക് 5% എന്ന കുറഞ്ഞ പലിശ നിരക്കിൽ ചീഫ് മിനിസ്റ്റേഴ്സ് അസിസ്റ്റൻസ് സ്കീം പ്രകാരം വായ്പ നല്കി വരുന്നുണ്ട്. മൊത്തം പ്രോജക്ട് ചെലവുകളുടെ 80 ശതമാനം വരെ വായ്പ സ്കീമിൽ ലഭിക്കുന്നതാണ്. ഇത് പ്രകാരം സ്ഥാപനങ്ങൾക്ക് ആസ്തി വർദ്ധിപ്പിക്കാനും പ്രവർത്തന മൂലധനത്തിനും ഉപയോഗിക്കാവുന്നതാണ്.<br><br>വീ മിഷൻ പദ്ധതി: സംസ്ഥാനത്ത് വനിതകൾക്കിടയിൽ സംരംഭകത്വം പ്രോൽസാഹി |

പ്പിക്കുക എന്ന ലക്ഷ്യത്തോടെ കെ.എസ്.ഐ.ഡി.സി. വനിതാ സംരംഭകർക്ക് വായ്പ സഹായം നല്കി വരുന്ന പദ്ധതിയാണ് വനിതാ സംരഭകത്വ മിഷൻ അഥവാ വീ മിഷൻ. നിലവിലുള്ള സംരംഭകത്വത്തിന്റെ വിപുലീകരണം, ആധുനിക വൽക്കരണം, സർട്ടിഫിക്കേഷൻ, അക്രഡിറ്റേഷൻ അനുബന്ധ വൈവിദ്ധ്യവൽക്കരണം മുതലായവയ്ക്കാണ് വായ്പാ സഹായം നല്കി വരുന്നത്. ഈ പദ്ധതി പ്രകാരം നിലവിൽ 10 ലക്ഷം രൂപ വാർഷിക വിറ്റുവരവുള്ള സ്ത്രീ സംരംഭങ്ങൾക്ക് പരമാവധി 50 ലക്ഷം രൂപ വരെ 7.5% പലിശ നിരക്കിൽ 6 വർഷത്തേയ്ക്ക് ഈടില്ലാതെ വായ്പ നല്കി വരുന്നു.

സ്കെയിൽ അപ്പ് സപ്പോർട്ട് : മേൽപ്പറഞ്ഞവയ്ക്ക് പുറമെ തങ്ങളുടെ ഉൽപ്പന്നം / സേവനം വിജയകരമായി വികസിപ്പിക്കുകയും വാണിജ്യവത്ക്കരി ക്കുകയും ചെയ്ത സ്റ്റാർട്ടപ്പുകൾക്ക് "സ്കെയിൽഅപ്പ്സപ്പോർട്ട്" എന്ന പദ്ധതിയും കെ. എസ്. ഐ. ഡി. സി. നടപ്പിലാക്കി വരുന്നു. ഈ പദ്ധതിപ്രകാരം 100 ലക്ഷം രൂപ വരെ നിലവിൽ 7.00% പലിശനിരക്കിൽ നാല് വർഷത്തേക്ക് ഈടില്ലാതെ വായ്പ നൽകി വരുന്നു

സീഡ് ഫണ്ട് അസ്സിസ്റ്റൻസ്:- കേരളത്തിലുട നീളമുള്ള സ്റ്റാർട്ടപ്പുകളെ പ്രോത്സാ ഹിപ്പിക്കുന്നതിനായി വിദ്യാത്ഥികളടക്കമുള്ള യുവ സംരംഭകരുടെ നൂതനവും വ്യാപാര യോഗ്യമായ സംരംഭങ്ങൾക്ക് കെ എസ് ഐ ഡി സി ഇരുപത്തഞ്ചുലക്ഷം രൂപവരെ മൂലധനസഹായം നൽകി വരുന്നു. സംരംഭം തുടങ്ങുന്നതിനാ വശ്യമായ ഇരുപത്തഞ്ചുലക്ഷം രൂപ വരെ നിലവിൽ 6.75% പലിശനിരക്കിൽ നാല് വർഷത്തേക്ക് ഈടില്ലാതെ വായ്പ നൽകി വരുന്നു.

രംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനും, കേരളത്തിനെ വ്യവസായ സൗഹൃദ സംസ്ഥാനമാക്കുന്നതിന്റെ ഭാഗമായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതിയ ഇൻഡസ്ട്രിയൽ പോളിസി 2023 പ്രഖ്യാപിക്കുകയുണ്ടായി. പുതിയ വ്യവസായ നയത്തിന്റെ ഭാഗമായിട്ടുള്ള സുസ്ഥിര വ്യവസായ ഇൻസെന്റീവ് സ്കീമിൽ 22 മുൻഗണനാ മേഖലകൾക്ക് 18 ഇൻസെന്റീവ് സബ്സിഡി പദ്ധതികളാണ് നടപ്പിലാക്കിവരു ന്നത്. പ്രസ്തുത പദ്ധതികൾക്കായി www.kriis.kerala.gov.in എന്ന ഓൺലൈൻ പോർട്ടൽ സജ്ജമാക്കി സബ്സിഡി നൽകിവരുന്നു. കുറഞ്ഞ പലിശ നിരക്കിലുള്ള വായ്പാസഹായം Capital subsidiary Incentive, Investment subsidy തുടങ്ങിയവ ഉൾപ്പെടുന്ന സബ്സിഡികൾ ആണ് ഈ പദ്ധതിയിൽ ഉള്ളത്.

| | | | |
|---|---|---|---|
| | | | കൂടാതെ വായ്പയെടുത്ത് തുടങ്ങുന്ന പുതിയ സംരംഭകർക്ക് സംരംഭകസഹായ പദ്ധതി (ഇ.എസ്.എസ്), നാനോ യൂണിറ്റുകൾക്കുള്ള മാർജിൻ മണി ഗ്രാന്റ്, ഒരു കുടുംബം ഒരു സംരംഭം പദ്ധതി, കേന്ദ്രസർക്കാർ ആവിഷ്കരിച്ച് വകുപ്പിലെ വിവിധ സ്ഥാപനങ്ങൾ ഇംപ്ലിമെന്റിംഗ് ഏജൻസിയായി നടപ്പിലാക്കുന്ന പി.എം. വിശ്വകർമ്മ പദ്ധതി, പ്രധാനമന്ത്രി ഭക്ഷ്യ സംസ്കരണ സംരംഭങ്ങളുടെ രൂപവൽക്കരണ പദ്ധതി (പി.എം.ഫോർമലൈസേഷൻ ഓഫ് മൈക്രോ ഫുഡ് പ്രോസസിംഗ് സ്കീം), പ്രധാനമന്ത്രി തൊഴിൽദായക പദ്ധതി (പി എം ഇ ജി പി) എന്നീ പദ്ധതികൾ മുഖേനയും വിവിധ ആനുകൂല്യങ്ങൾ നൽകുന്നുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ മണലൂർ മണ്ഡലത്തിൽ എത്ര പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിച്ചു; ഇതിലൂടെ എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കാനായി; വിശദാംശം അറിയിക്കാമോ? | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ മണലൂർ മണ്ഡലത്തിൽ 2004 പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിച്ചു. ഇതിലൂടെ 3807 തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ